## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2367 | 19.07.2016-ൽ മറുപടിയ്ക്ക് |
|---|---|
| **ശുചിത്വ മിഷൻ മുഖേനയുള്ള മാലിന്യ സംസ്കരണപദ്ധതികളും ആധുനിക ശ്മശാനങ്ങളും** | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും തുകയും ലഭ്യമാക്കാമോ; | (എ) | ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2011-12 മുതൽ 2015-16 വരെ 9262.65 ലക്ഷം രൂപ അനുവദിക്കുകയും അതിൽ നിന്ന് 8834.24 ലക്ഷം രൂപ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെ 580 ഗ്രാമപഞ്ചായത്തുകൾക്കും 64 മുൻസിപ്പാലിറ്റികൾക്കും ശുചിത്വ മിഷൻ മാലിന്യ സംസ്കരണത്തിനായി തുക ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാലിന്യ സംസ്കരണത്തിൽ പദ്ധതികൾ നടപ്പാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതനുസരിച്ച് ഏതൊക്കെ സ്ഥാപനങ്ങൾ ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | മാലിന്യ സംസ്കരണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. പദ്ധതികൾ നടപ്പാക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) | പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിൽ എത്ര തുകയാണ് ശുചിത്വ മിഷൻ മുഖേന അനുവദിക്കുന്നത്; എത്ര പഞ്ചായത്തുകൾക്ക് തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (സി) | പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയാണ്. ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നുണ്ട്. പൊതുശ്മശാന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതുജനങ്ങളുടെ എതിർപ്പും ഗ്രാമപഞ്ചായത്തുകൾക്ക് ഒരു പ്രധാന വെല്ലുവിളിയായതിനാൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് സംയുക്തമായി പൊതുശ്മശാന നിർമ്മാണ പദ്ധതികൾക്ക് മുൻഗണന നൽകി വരുന്നു. |
| (ഡി) | ആവശ്യമായ സ്ഥലങ്ങളിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് ഇത്തരം ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഒന്നിലധികം പഞ്ചായത്തുകൾ ചേർന്ന് ജോയിന്റ് പ്രോജക്ടായി ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് നിലവിലെ പഞ്ചായത്ത് രാജ് നിയമ പ്രകാരം അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്